പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3852 — 19/03/2018-ൽ മറുപടിക്ക്

## ഹൈസ്കൂൾ അസിസ്റ്റന്റ് തസ്തികയിലേക്കുള്ള മാറ്റം

**ചോദ്യം**

ശ്രീ. വി.എസ്. ശിവകുമാർ:

(എ) വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സർക്കാർ സ്കൂളുകളിലെയും ഓഫീസുകളിലെയും ക്ലാർക്ക്, ടൈപ്പിസ്റ്റ്, ഓഫീസ് അറ്റൻഡന്റ് തസ്തികകളിൽ ജോലി ചെയ്യുന്നവർക്ക് ഹൈസ്കൂൾ അസിസ്റ്റന്റ് തസ്തികയിലേക്ക് തസ്തികമാറ്റം അനുവദിക്കുന്നതിന് നിഷ്കർഷിച്ചിരുന്ന യോഗ്യതകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത യോഗ്യതകൾ നിർബന്ധമാക്കിക്കൊണ്ടുള്ള സർക്കാർ ഉത്തരവ്/സ്പെഷ്യൽ റൂൾ വ്യക്തമാക്കുമോ;

(സി) പ്രസ്തുത സർക്കാർ ഉത്തരവിന്റെ/സ്പെഷ്യൽ റൂളിന്റെ പകർപ്പ് ലഭ്യമാക്കാമോ?.

**ഉത്തരം**

പ്രൊഫ. സി. രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പുമന്ത്രി)

(എ) ഹൈസ്കൂൾ അസിസ്റ്റന്റ് നിയമനങ്ങൾക്ക് പി.എസ്.സി നിശ്ചയിച്ചിരിക്കുന്ന വിദ്യാഭ്യാസ യോഗ്യത തന്നെയാണ് തസ്തിക മാറ്റം വഴിയുള്ള ഹൈസ്കൂൾ അസിസ്റ്റന്റ് നിയമനങ്ങൾക്കും ബാധകമാക്കിയിരിക്കുന്നത്.

(ബി) യും (സി) യും

ജി.ഒ (എം.എസ്) നം. 8/2009/പൊ.വി.വ തീയതി 20-01-2009 ന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസം – വിദ്യാഭ്യാസ വകുപ്പിലെ യോഗ്യരായ ക്ലാർക്ക്, ടൈപ്പിസ്റ്റ്, അറ്റൻഡർ, പ്യൂൺ എന്നീ വിഭാഗം ജീവനക്കാരെ തസ്തികമാറ്റം വഴി എൽ.പി.എസ്.എ./യു.പി.എസ്.എ തസ്തികയിലേക്ക് നിയമിക്കുന്നതിന് ഒഴിവുകൾ നീക്കിവച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതുവിദ്യാഭ്യാസ (ജെ) വകുപ്പ്

നം.ജി.ഒ (എം.എസ്)നം.8/2009/പൊ.വി.വ — തീയതി, തിരുവനന്തപുരം, 20.01.09

പരമാമർശം : (1) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 13.10.04 ലെ ബി (2)/61924/04/ ഡി.പി.ഐ. നമ്പർ കത്ത്

(2) കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ 13.11.2008 ലെ എ2 (1) 18609/05 ജി. ഡബ്ലിയു നമ്പർ കത്ത്.

ഉത്തരവ്

വിദ്യാഭ്യാസ വകുപ്പിലെ റ്റി.റ്റി.സി യോഗ്യതയും അഞ്ച് വർഷം മിനിമം സർവ്വീസുമുള്ള ക്ലാർക്ക്, ടൈപ്പിസ്റ്റ്, അറ്റൻഡർ, പ്യൂൺ എന്നീ വിഭാഗം ജീവനക്കാരെ എൽ.പി.എസ്.എ. തസ്തികയിലും റ്റി.റ്റി.സി. ബി. എഡ് യോഗ്യതയും അഞ്ച് വർഷം മിനിമം സർവ്വീസുമുള്ളവരെ യു.പി.എസ്.എ. തസ്തികയിലും തസ്തികമാറ്റംവഴി പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നിയമിക്കുന്നതിന് ടി തസ്തികകളിലെ ആകെ ഒഴിവിന്റെ 5 ശതമാനം നീക്കിവച്ച് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഇപ്രകാരമുള്ള 5 ശതമാനം ഒഴിവുകൾ അന്തർജില്ലാ സ്ഥലം മാറ്റത്തിനായി മാറ്റി വച്ചിട്ടുള്ള 35 ശതമാനത്തിൽ നിന്ന് 5 ശതമാനം കുറവ് ചെയ്ത് കണ്ടെത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എൽസമ്മ ഫിലിപ്പ്,
അഡീഷണൽ സെക്രട്ടറി

സെക്ഷൻ ഓഫീസർ